**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ഭവനശ്രീ വായ്പ തിരിച്ചടവ് - കുടുംബശ്രീ മിഷൻ മുഖേന ദേശസാൽകൃത ബാങ്കുകൾക്ക് നൽകാനുള്ള അഞ്ചാം ഗഡു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 732/2015/തസ്വഭവ.** **തിരുവനന്തപുരം, തീയതി, 13/03/2015.**

---

പരാമർശം: 1. സ.ഉ. (കൈയ്യെഴുത്ത്) 211/2010/തസ്വഭവ തീയതി 13/09/2010 നമ്പർ ഉത്തരവ്.
2. സ.ഉ. (കൈയ്യെഴുത്ത്) 5/2011/തസ്വഭവ തീയതി 05/01/2011 നമ്പർ ഉത്തരവ്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/12/2014 ലെ കെ. എസ്.സി/4468/2008 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുടുംബശ്രീ മുഖേന ദേശസാൽകൃത ബാങ്കുകളിൽ നിന്നും അനുവദിച്ചിരുന്ന ഭവനശ്രീ വായ്പകൾ പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭവനശ്രീ വായ്പാ തിരിച്ചടവിനായി ബാങ്കുകൾക്ക് നൽകാനുള്ള അഞ്ചാം ഗഡു തുക അനുവദിച്ചുനൽകണമെന്ന് പരാമർശം 3 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഭവനശ്രീ വായ്പ തിരിച്ചടവിനായി കുടുംബശ്രീ മിഷൻ മുഖേന ബാങ്കുകൾക്ക് നൽകാനായി നടപ്പ് സാമ്പത്തിക വർഷം "2515-00-800-14- ഭവനശ്രീ വായ്പ ഏറ്റെടുക്കൽ (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 26,39,21,000/-(ഇരുപത്താറ് കോടി മുപ്പത്തൊമ്പത് ലക്ഷത്തി ഇരുപത്തൊന്നായിരം രൂപാ മാത്രം) രൂപയിൽ നിന്നും 26,39,20,139/-രൂപ (ഇരുപത്താറ് കോടി മുപ്പത്തൊമ്പത് ലക്ഷത്തി ഇരുപതിനായിരത്തി ഒരുനൂറ്റി മുപ്പത്തൊൻപത് രൂപാ മാത്രം) ഭവനശ്രീ വായ്പയുടെ അഞ്ചാം ഗഡുവായി ബന്ധപ്പെട്ട ബാങ്കുകൾക്ക് റിലീസ് ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മെമ്പർമാർക്ക്.
(എസ്സ്.എൽ.ബി.സി കൺവീനർ, കാനറാബാങ്ക് സർക്കിൾ ഓഫീസ്, കാനറ ബാങ്ക് ബിൽഡിംഗ്, എം.ജി. റോഡ്, തിരുവനന്തപുരം).
ധനകാര്യവകുപ്പ് ([illegible] നം. 114941/ഡെവ.2/2014/ധനം തീയതി 08/01/2015)
സഞ്ചിത ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.